REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-03-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **നാടിന്റെ ഒരുമയും ജനങ്ങളുടെ ഐക്യവും ഒത്തുചേർന്നപ്പോഴാണ് മുണ്ടക്കൈ - ചൂരൽമല ടൗൺഷിപ്പ് യാഥാർത്ഥ്യമായതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **രക്ഷാ പുനരധിവാസ പ്രവർത്തനങ്ങൾക്ക് ഉദാത്ത ലോക മാതൃക സൃഷ്ടിക്കാൻ മുണ്ടക്കൈ - ചൂരൽമല രക്ഷാപ്രവർത്തനങ്ങൾക്ക് കഴിഞ്ഞതായി മന്ത്രി K രാജൻ.**
- **ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ തൃശൂരിൽ ചേതനാ ഗാനാശ്രമത്തിന് തറക്കല്ലിട്ടു.**
- **തമിഴ്നാട്ടിലും പുതുച്ചേരിയിലുമായി 7,100 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കമിടും.**
- **ഇറാൻ -ഇസ്രായേൽ സംഘർഷത്തിൽ രാജ്യങ്ങൾ സാധാരണക്കാരുടെ സുരക്ഷയ്ക്ക് മുൻഗണന നൽകണമെന്ന് ഇന്ത്യ.**
- **ICC ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് അവസാന സൂപ്പർ- 8 മത്സരത്തിൽ വെസ്റ്റ് ഇൻഡീസിനെ നേരിടും.**

## വാർത്തകൾ വിശദമായി

നാടിന്റെ ഒരുമയും ജനങ്ങളുടെ ഐക്യവും ഒത്തുചേർന്നപ്പോഴാണ് മുണ്ടക്കൈ - ചൂരൽമല ദുരന്ത ബാധിതർക്കായി ടൗൺഷിപ്പിന്റെ നിർമ്മാണം പൂർത്തീകരിക്കാനായതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഉരുൾപൊട്ടലിൽ സമാനതകളില്ലാത്ത ദുരന്തത്തിനിടയായവർക്ക് പുനരധിവാസ

ഭവനങ്ങൾ നിർമ്മിക്കാനായത് ഗവൺമെന്റിന്റെ വിട്ടുവീഴ്ചയില്ലാത്ത ദൃഢനിശ്ചയത്തിന്റെ സാഫല്യവും ദുരന്തത്തിൽ ശേഷിച്ചവരുടെ ആഗ്രഹപൂർത്തീകരണവുമാണെന്ന് അദ്ദേഹം പറഞ്ഞു. ദുരന്തബാധിതർക്കായി നിർമ്മിച്ച മാതൃകാ ടൗൺഷിപ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

.....മുഖ്യമന്ത്രി വോയ്സ്.........

ദുരിത ബാധിതർക്കായി നിർമ്മിക്കുന്ന 410 വീടുകളുടെ സമഗ്ര പുനരധിവാസ ഗ്രാമത്തിന്റെ ആദ്യഘട്ടത്തിൽ നിർമ്മാണം പൂർത്തിയാക്കിയ 178 വീടുകളുടെ താക്കോൽ ദാനം മുഖ്യമന്ത്രി അല്പസമയത്തിനകം നിർവഹിക്കും. ടൗൺഷിപ്പ് നിർമ്മാണത്തിന് ഗവൺമെന്റ് മുന്നിട്ടിറങ്ങിയപ്പോൾ അതിന് വേണ്ടി ചില്ലിക്കാശ്പോലും സംഭാവന നൽകരുതെന്ന പ്രതിലോമകരമായ ഇടപെടലുകളും നേരിടേണ്ടി വന്നെന്ന് മുഖ്യമന്ത്രി പറഞ്ഞു. യുദ്ധനീതിയെന്ന നയംപോലും ഭവനനിർമ്മാണ പദ്ധതിയോട് പലരും പുലർത്തിയില്ലെന്ന് മുഖ്യമന്ത്രി കുറ്റപ്പെടുത്തി. എന്നാൽ ദുരന്തബാധിതർക്കൊപ്പം നിൽക്കാൻ നാടും ജനതയും ഒറ്റക്കെട്ടാവുകയായിരുന്നുവെന്ന് മുഖ്യമന്ത്രി ഓർമ്മിപ്പിച്ചു.

✪✪✪

രക്ഷാ പുനരധിവാസ പ്രവർത്തനങ്ങൾക്ക് ഉദാത്ത ലോക മാതൃക സൃഷ്ടിക്കാൻ മുണ്ടക്കൈ - ചൂരൽമല രക്ഷാപ്രവർത്തനങ്ങൾക്ക് കഴിഞ്ഞതായി മന്ത്രി K രാജൻ പറഞ്ഞു. ദുരന്ത ബാധിതർക്കായി ഒരു ടൗൺഷിപ്പ് തന്നെ നിർമ്മിച്ച അനുഭവം രാജ്യത്ത് ആദ്യമായാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു. മനുഷ്യ സ്നേഹത്തിന്റെ പുതുമാതൃകയായി ടൗൺഷിപ്പ് മാറിയതായും ചടങ്ങിൽ അധ്യക്ഷനായിരുന്ന മന്ത്രി അറിയിച്ചു.

പൊതുജനങ്ങളിൽ നിന്ന് സ്വീകരിച്ച സംഭാവനകളെക്കുറിച്ചും ഭൂമി എറ്റെടുപ്പിനെ പറ്റിയും ഉയർന്ന ആരോപണങ്ങളും വിവാദങ്ങളും മറികടന്നാണ് നിശ്ചയദാർഢ്യത്തോടെ ഗവൺമെന്റ് ടൗൺഷിപ്പ് നിർമ്മാണവുമായി മുന്നോട്ട് പോയതന്നും മന്ത്രി വിശദീകരിച്ചു.

കേരളം ഒരു മനസ്സായി മാറിയ അനുഭവമാണ് വയനാട്ടിലേതെന്നും ഒരു ദിവസം പോലും മുടങ്ങാതെ നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ തൃശ്ശൂരിലെ ദേവമാത CMI പബ്ലിക് സ്കൂളിൽ ചേതനാ ഗാനാശ്രമത്തിന് തറക്കല്ലിട്ടു. ചടങ്ങിൽ കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേകർ, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, മന്ത്രി ആർ. ബിന്ദു എന്നിവർ പങ്കെടുത്തു.

ഉച്ചക്കു ശേഷം ഉപരാഷ്ട്രപതി, കൊല്ലം പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹയർ സെക്കൻഡറി സ്കൂളിന്റെ ശതാബ്ദി ആഘോഷവും ക്യാമ്പസിൽ നിർമ്മിച്ച കെട്ടിട സമുച്ചയവും ഉദ്ഘാടനം ചെയ്യും.

✪✪✪

തമിഴ്നാട്ടിലും പുതുച്ചേരിയിലുമായി 7,100 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കമിടും.

പുതുച്ചേരിയിൽ PM, E- ബസുകളുടെ ഉദ്ഘാടനം, സ്മാർട്ട് സിറ്റി മിഷന്റെ ഇന്റഗ്രേറ്റഡ് കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ, ഭവന നിർമ്മാണം എന്നിവയടക്കം 2,700 കോടിയിൽപ്പരം രൂപയുടെ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിയ്ക്കും.

✪✪✪

ഇറാനിലെ ജനങ്ങൾക്ക് ആയത്തുള്ള അലി ഖമേനിയയുടെ വധത്തോടെ നീതി ലഭ്യമാക്കിയതായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പറഞ്ഞു. ഇറാൻ ജനതയ്ക്ക് അവരുടെ രാജ്യം തിരികെ ലഭിക്കാൻ ഇതിലൂടെ കഴിഞ്ഞതായി ട്രംപ് ട്രൂത്ത് സോഷ്യൽ പോസ്റ്റിൽ കുറിച്ചു. ഇറാൻ സൈന്യമോ പൊലീസോ മറ്റ് സുരക്ഷാ ഏജൻസികളോ യുദ്ധം ആഗ്രഹിക്കുന്നില്ലെന്നാണ് വിലയിരുത്തലെന്നും അദ്ദേഹം പറഞ്ഞു. ഇറാനിലെ രാജ്യ സ്നേഹികൾക്കൊപ്പം അവർ ചേർന്ന് നിൽക്കുമെന്നും ട്രംപ് വിശ്വാസം പ്രകടിപ്പിച്ചു.

✪✪✪

ഇറാനിലും ഗൾഫ് മേഖലയിലുമുണ്ടായ സംഭവവികാസങ്ങളിൽ ഇന്ത്യ കടുത്ത ആശങ്ക പ്രകടിപ്പിച്ചു. രാജ്യങ്ങൾ പരസ്പരം സംയമനം പാലിക്കണമെന്നും സാധാരണക്കാരുടെ സുരക്ഷയ്ക്ക് മുൻഗണന നൽകണമെന്നും ഇന്ത്യ അഭ്യർത്ഥിച്ചു. സംഘർഷങ്ങൾ കുറയ്ക്കുന്നതിനും അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ചർച്ചയും നയതന്ത്രവും പിന്തുടരണമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. മേഖലയിലെ ഇന്ത്യൻ എംബസികൾ പൗരന്മാരുമായി ബന്ധപ്പെട്ടിട്ടുണ്ട്. ജാഗ്രത പാലിക്കാനും, പ്രാദേശിക സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാനും നിർദേശങ്ങൾ നൽകിയതായും മന്ത്രാലയം വ്യക്തമാക്കി.

✪✪✪

പശ്ചിമേഷ്യൻ സ്ഥിതിഗതികളുടെ സാഹചര്യത്തിൽ ഇസ്രയേലിലെയും, സിറിയയിലെയും ഇന്ത്യക്കാർക്ക് എംബസികൾ ജാഗ്രതാ നിർദ്ദേശം നൽകി. അനാവശ്യയാത്രകൾ ഒഴിവാക്കണമെന്നും, ആവശ്യമായ മുൻകരുതലെടുക്കണമെന്നും, നിർദ്ദേശിച്ചു.

✪✪✪

ഗൾഫ് രാജ്യങ്ങളിൽ നിലനിൽക്കുന്ന സംഘർഷ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ UAE, കുവൈത്ത്, ഖത്തർ, സൗദി വിദേശമന്ത്രിമാരുമായി ചർച്ചനടത്തി. പ്രാദേശിക സമാധാനത്തിലും ഇന്ത്യൻ സമൂഹത്തിന്റെ സുരക്ഷയിലും ഇന്ത്യയുടെ താൽപ്പര്യം ജയശങ്കർ നേതാക്കളെ അറിയിച്ചു.

✪✪✪

പശ്ചിമേഷ്യയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത്, മേഖലയിലേക്ക് അർദ്ധരാത്രി വരെ എല്ലാ വിമാനങ്ങളും എയർ ഇന്ത്യ റദ്ദാക്കി. സംഭവവികാസങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട അധികാരികളുമായി ചേർന്ന് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു വരികയാണെന്നും എയർ ഇന്ത്യ അറിയിച്ചു.

✪✪✪

ഇസ്രായേലിനും ഇറാനുമിടയിൽ സംഘർഷം രൂക്ഷമാകുന്ന സാഹചര്യത്തിൽ 444 വിമാനങ്ങൾ ഇന്ന് റദ്ദാക്കുമെന്ന് വ്യോമയാന മന്ത്രാലയം അറിയിച്ചു. യാത്രക്കാരുടെ സുരക്ഷയും യാത്രാനിയന്ത്രണങ്ങളും ഉറപ്പാക്കാൻ വിമാനക്കമ്പനികളുമായി ചേർന്ന് പ്രവർത്തിക്കുകയാണെന്നും മന്ത്രാലയം സാമൂഹിക മാധ്യമ പോസ്റ്റിൽ പറഞ്ഞു.

✪✪✪

പശ്ചിമേഷ്യയിലെ നിലവിലെ പ്രശ്നങ്ങൾ കാരണം വിസ നീട്ടുന്നതിനോ താമസം ക്രമപ്പെടുത്തുന്നതിനോ സഹായം വേണ്ട ഇന്ത്യയിലെ എല്ലാ വിദേശ പൗരന്മാർക്കും തൊട്ടടുത്ത ഫോറിനേഴ്സ് റീജിയണൽ രജിസ്ട്രേഷൻ ഓഫീസുമായി ബന്ധപ്പെടാമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ആവശ്യമായ നടപടിക്രമങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സഹായിക്കുമെന്നും വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

✪✪✪

ഇറാനിൽ അടിയന്തര വെടിനിർത്തൽ ഏർപ്പെടുത്തണമെന്ന് ചൈന ആവശ്യപ്പെട്ടു. സംഘർഷം അവസാനിപ്പിച്ച് ഇരു വിഭാഗങ്ങളും സംഭാഷണവും ചർച്ചകളും പുനരാരംഭിക്കണമെന്ന് ചൈനീസ് വിദേശകാര്യമന്ത്രാലയം പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

✪✪✪

ഇറാൻ ഇസ്രായേൽ സംഘർഷത്തെത്തുടർന്ന് നോർക്കാ റൂട്ട്സ് ഹെൽപ് ലൈൻ നമ്പർ പ്രവർത്തനം ഊർജ്ജിതമാക്കി. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...

.........വോയ്സ്......

നോർക്കാ റൂട്ട്സിന്റെ ഹെൽപ് ലൈൻ നമ്പറിൽ ഇന്നു രാവിലെ 381 കോളുകളാണ് ലഭിച്ചത്. കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നുള്ള ഔദ്യോഗിക വിവരങ്ങൾ ക്രോഡീകരിച്ച് ഏകോപനം നടത്തി പ്രവാസികളേയും ബന്ധുക്കളേയും തങ്ങൾ സഹായിക്കുന്നതായി നോർക്ക് റൂട്ട്സ് അധികൃതർ ആകാശവാണിയോടു പറഞ്ഞു. വിമാന സർവ്വീസുകൾ സംബന്ധിച്ച വിവരമറിയാനും നിരവധി പേർ വിളിക്കുന്നുണ്ടെന്നും നോർക്കാ റൂട്ട്സ് അധികൃതർ പറഞ്ഞു. ഇന്ത്യയ്ക്ക് പുറത്തു നിന്നു വന്ന ഫോൺ കോളുകളിൽ ആശങ്കാജനകമായവ ഒന്നും തന്നെയില്ല. യാത്രാ സൗകര്യങ്ങളെ കുറിച്ച് അറിയാൻ പലരും വിളിക്കുന്നുണ്ട്. പുതുതായി ലഭിക്കുന്ന ഔദ്യോഗിക വിവരങ്ങൾ പ്രവാസികളേയും ബന്ധുക്കളേയും അറിയിക്കാനുള്ള സംവിധാനങ്ങളും ഇവിടെ ഏർപ്പെടുത്തുന്നുണ്ട്.

✪✪✪

ആന്ധ്രാപ്രദേശിലെ കാക്കിനഡ ജില്ലയിൽ പടക്കനിർമ്മാണ ശാലയിലെ സ്ഫോടനത്തിൽ 21 പേർ മരിച്ചു. സമർലാ കോട്ടയ്ക്ക് സമീപം വെറ്റ്ലാപാലം ഗ്രാമത്തിലാണ് ഇന്നലെ ഉച്ചകഴിഞ്ഞ് സ്ഫോടനമുണ്ടായത്. 13 പേർക്ക് അപകടത്തിൽ പരിക്കേറ്റു. സൂര്യശ്രീ ഫയർ വർക്സ് എന്ന സ്ഥാപനത്തിലാണ് ദുരന്തമുണ്ടായത്. മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു സംഭവസ്ഥലം സന്ദർശിച്ച് അടിയന്തര വൈദ്യ സഹായത്തിനും രക്ഷാപ്രവർത്തനങ്ങൾക്കും നിർദ്ദേശം നൽകി.

✪✪✪

ICC ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് അവസാന സൂപ്പർ- 8 മത്സരത്തിൽ വെസ്റ്റ് ഇൻഡീസിനെ നേരിടും. കൊൽക്കത്ത ഈഡൻ ഗാർഡൻസിൽ വൈകിട്ട് ഏഴിനാണ് മത്സരം.

മറ്റൊരു ഗ്രൂപ്പ് -1 മാച്ചിൽ ദക്ഷിണാഫ്രിക്ക, സിംബാംബ്‌വെയെ ഡൽഹിയിൽ നേരിടും. ഉച്ചകഴിഞ്ഞ് മൂന്നിനാണ് മത്സരം. ഈ മാസം നാലിനും, അഞ്ചിനുമാണ് സെമിഫൈനൽ. ഫൈനൽ ഈ മാസം എട്ടിനും നടത്തും.

✪✪✪

ഏഷ്യൻ കപ്പ് വനിതാ ഫുട്ബോളിന് ഇന്ന് ഓസ്ട്രേലിയയിൽ തുടക്കമാകും. ഇന്ത്യ ഉൾപ്പെടെ 12 ടീമുകളാണ് ഏഷ്യൻ കപ്പിൽ മൽസരിക്കുന്നത്. അടുത്ത ബുധനാഴ്ച വിയറ്റ്നാമുമായാണ് ഇന്ത്യയുടെ ആദ്യ മൽസരം.

✪✪✪

ISL ഫുട്ബോളിൽ ഇന്റർകാശിക്കെതിരെ കേരള ബ്ലാസ്റ്റേഴ്സിന് പരാജയം. സ്വന്തം തട്ടകമായ കൊച്ചിയിൽ ഒന്നിനെതിരെ രണ്ട് ഗോളിനാണ് ബ്ലാസ്റ്റേഴ്സിന്റെ തോൽവി. ഇതോടെ സീസണിൽ തുടർച്ചയായ മൂന്നാം തോൽവിയാണ് ബ്ലാസ്റ്റേഴ്സ് നേരിടുന്നത്.

✪✪✪

മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കും വലിയ പ്രാധാന്യമാണ് ഗവൺമെന്റ് നൽകുന്നതെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. കോഴിക്കോട് വെള്ളയിൽ മത്സ്യഭവൻ കെട്ടിടത്തിന്റെ നിർമ്മാണം ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. രണ്ട് കോടി രൂപ ചെലവിലാണ് മത്സ്യഭവൻ നിർമിക്കുന്നത്.

✪✪✪

മിൽമ മലബാർ മേഖലാ യൂണിയന്റെ ക്ഷീര സംഘ-ക്ഷീര കർഷക അവാർഡുകളും, ധനസഹായവും കോഴിക്കോട്ട് വിതരണം ചെയ്തു. പാലക്കാട്ട് കുന്നങ്കാട്ടുപ്പതി ക്ഷീര സംഘത്തിനാണ് മികവിൽ ഒന്നാം സ്ഥാനം.

✪✪✪

ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിന് ക്രമീകരണങ്ങൾ സജ്ജമാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. പൊങ്കാല ദിവസം 10 പോയിന്റുകളിൽ മെഡിക്കൽ ടീമും ആംബുലൻസുകളും പെട്ടെന്ന് വൈദ്യ സഹായം ലഭ്യമാക്കാൻ 4 ബൈക്ക് ഫസ്റ്റ് റെസ്പോൺസ് ടീം, ഗൂർഖ ആംബുലൻസ്, ബൈക്ക് ഫീഡർ ആംബുലൻസ് എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

ആറ്റുകാൽ പൊങ്കാലയ്ക്ക് തിരുവനന്തപുരം റെയിൽവെ സ്റ്റേഷനിൽ ഇന്നു മുതൽ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തി. തീർത്ഥാടകരുടെ സൗകര്യം മുൻനിർത്തി കൊല്ലം ഭാഗത്തേക്ക് പോകുന്ന ട്രെയിനുകൾ ഒന്നുമുതൽ നാലു വരെ പ്ലാറ്റ്ഫോമുകളിൽ നിന്നായിരിക്കും യാത്ര പുറപ്പെടുക

✪✪✪

പശ്ചാത്തല വികസന രംഗത്ത് കേരളത്തിൽ വിസ്മയിപ്പിക്കുന്ന മുന്നേറ്റമാണ് കഴിഞ്ഞ 10 വർഷം കൊണ്ട് ഉണ്ടായതെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. സാധാരണ 30 വർഷം കാത്തിരിക്കേണ്ട വികസനമാണ് കിഫ്ബി വഴി നടപ്പാക്കിയതെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

*News Editor : ശ്രുതി എം*
*News Reader: അബ്ദുൾ കബീർ*
*News Team: അനിൽ ചന്ദ്രൻ, രജിന കെ*
*DEO : സി കെ സുബോധ്*